
"എന്റെ ദൈവവിളി സ്നേഹമാണ്;
സഭയുടെ ഹൃദയത്തിൽ സ്നേഹമായിരിക്കുകയാണ് എന്റെ ദൗത്യം."
— Saint Thérèse of Lisieux



# എക്ലേസിയ വിവാ

## "ജീവിക്കുന്ന സഭ"

# പ്രവർത്തന മാർഗ്ഗരേഖ
## 2026-2027

"സഭയെ സ്നേഹിക്കാം, ലോകത്തിന് സാക്ഷികളാകാം.."

ചെറുപുഷ്പ മിഷൻലീഗ്
ദ്വാരക മേഖല

# 2026 -2027 ചെറുപുഷ്പ മിഷൻലീഗ്
# ദ്വാരക മേഖല ഭാരവാഹികൾ



**ഫാ.സെബാസ്റ്റ്യൻ എലംകുന്നേൽ**
ഡയറക്ടർ, CML ദ്വാരക
9447882293



**സി. ആഗ്നസ് പുളിമൂട്ടിൽ SABS**
ജോ.ഡയറക്ടർ, CML ദ്വാരക
9744103374




**ജിജോ മംഗലം**
പ്രസിഡന്റ്, CML ദ്വാരക
9846019186



**ജോഷ്മി അജീഷ് വരപ്പടവിൽ**
വൈസ് പ്രസിഡന്റ്, CML ദ്വാരക
9562415996



**അൽഫോൻസ ബിനു ടി**
സെക്രട്ടറി, CML ദ്വാരക
9947214618



**മെൽബിൻ ജോർജ്**
ജോ.സെക്രട്ടറി
8281878703



**സിമി ഷിജു ചിറപ്പറമ്പിൽ**
ഓർഗനൈസർ
9447647420



**ജോമിറ്റ് എം പി**
ഓർഗനൈസർ
8943787501



റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ
(ചെറുപുഷ്പ മിഷൻലീഗ്
സ്ഥാപക ഡയറക്ടർ)
**ജനനം**: 1909 ഡിസംബർ 24
**വൈദികപട്ടം**: 1936 ഡിസംബർ 21
**മരണം**: 1998 സെപ്റ്റംബർ 09



പിസി അബ്രാഹം പല്ലാട്ടുകുന്നേൽ
(ചെറുപുഷ്പ മിഷൻലീഗ്
സ്ഥാപക നേതാവ്)
**ജനനം**: 1925 മാർച്ച് 19
**മരണം**: 2009 ഓഗസ്റ്റ് 11

## പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടിയുള്ള അംഗങ്ങളുടെ

## അനുദിന പ്രാർത്ഥന

1 സ്വർഗ്ഗ. 1. നന്മ. 1. ത്രിത്വ.

1. ഈശോയുടെ പരിശുദ്ധ ഹൃദയമേ,
   അങ്ങയുടെ രാജ്യം വരണമേ
2. മറിയത്തിന്റെ വിമലഹൃദയമേ,
   ഞങ്ങളുടെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കണമേ
3. വി. തോമാശ്ലീഹായേ,
   ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
4. വി. ഫ്രാൻസിസ് സേവ്യറേ,
   ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
5. വി. കൊച്ചുത്രേസ്യായേ,
   ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
6. വി. അൽഫോൻസാമ്മേ,
   ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ



**വി.കൊച്ചുത്രേസ്യ**
(ചെറുപുഷ്പ മിഷൻലീഗ് സ്വർഗീയ മദ്ധ്യസ്ഥ)

## ഉപമദ്ധ്യസ്ഥർ



വി. തോമാശ്ലീഹാ



വി.ഫ്രാൻസീസ് സേവ്യർ



വി.അൽഫോൻസാമ്മ

# ചെറുപുഷ്പ മിഷൻലീഗ്

| | | |
|---|---|---|
| സ്ഥാപനം | : | 1947 ഒക്ടോബർ 3 ഭരണങ്ങാനത്ത് |
| ലക്ഷ്യം | : | പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികസനം, ദൈവവിളി പ്രോത്സാഹനം |
| മുദ്രാവാക്യം | : | സ്നേഹം, ത്യാഗം, സേവനം, സഹനം |
| ആദർശവാക്യം | : | "ഭാരതമേ, നിന്റെരക്ഷ നിന്റെസന്താനങ്ങളിൽ" (Pope Leo XIII) |
| മദ്ധ്യസ്ഥ | : | വി. കൊച്ചുത്രേസ്യ |
| ഉപമദ്ധ്യസ്ഥർ | : | വി. തോമ്മാശ്ലീഹാ<br>വി. അൽഫോൻസാമ്മ<br>വി. ഫ്രാൻസിസ് സേവ്യർ |

# സന്ദേശം



പ്രിയ കുഞ്ഞു മിഷനറിമാരെ,

വിശ്വാസ ദീപം കൈയ്യിലേന്തി ക്രിസ്തുവാകുന്ന പ്രകാശത്തെ പകർന്നു നൽകി ലോകത്തെ പ്രകാശിപ്പിക്കുക എന്ന ദൗത്യമാണ് ഓരോ മിഷനറിമാർക്കും ഉള്ളത്. മിഷൻ ദൗത്യം ഒരു പ്രവർത്തനമല്ല, ജീവിതമായിരിക്കണം.

"അവിടുത്തെ നോക്കിയവരെല്ലാം പ്രകാശിതരായി " (സങ്കീ : 34:5). ക്രിസ്തുവിനെ നോക്കുന്നവർ, ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, ചന്ദ്രൻ സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് പ്രഭചൊരിയുന്നതുപോലെ ഈ ഭൂമിയിൽ പ്രകാശിക്കും.

ആ വെളിച്ചം ലോകത്തെ വെൺമയുള്ളതാക്കും.ക്രൈസ്തവ വിശ്വാസമാകുന്ന അടിത്തറമേൽ പണിയപ്പെട്ട്, ത്യാഗമനോഭാവത്തോടെ മറ്റുള്ളവർക്ക് സേവനം ചെയ്യുവാൻ, അങ്ങനെ ക്രിസ്തുവിനെപ്പോലെ മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടാൻ നിയോഗിക്കപ്പെട്ടവനാണ് ഓരോ മിഷനറിയും. ഈ ദൗത്യമേറ്റെടുക്കുന്നവർ ദൈവസന്നിധിയിൽ വിലപ്പെട്ടവനും സമൂഹത്തിന് അനുഗ്രഹവുമായിത്തീരും ഈ സമുദായ- ശാക്തീകരണ വർഷത്തിൽ ഓരോ മിഷനറിയും സദാ സമൂഹത്തിനും പൊതുസമൂഹത്തിനും ഉപ്പും പ്രകാശവുമായി മാറട്ടെ.

ദ്വാരക മേഖലയിലെ എല്ലാ മിഷനറിമാർക്കും ഈപ്രവർത്തന വർഷത്തിന്റെ ആശംസകൾ നേരുന്നു.

**ഫാ.മാത്യു മലയിൽ**
ദ്വാരക ഫൊറോന വികാരി

# സന്ദേശം



ക്രിസ്തുവിൽ പ്രിയപ്പെട്ട മിഷൻ ലീഗ് സഹയാത്രികരെ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

തന്റെ ചെറിയ വഴികളിലൂടെ സ്നേഹത്തിന്റെ വലിയ വസന്തം തീർത്ത വിശുദ്ധ കൊച്ചുത്രേസ്യായുടെ മിഷണറി ചൈതന്യമാണ് ചെറുപുഷ്പ മിഷൻ ലീഗിന്റെ ജീവവായു. കുഞ്ഞുങ്ങളുടെ പ്രാർത്ഥനകൾ കൊണ്ടും നിർമ്മലമായ ഹൃദയങ്ങൾ കൊണ്ടും ലോകത്തെ നവീകരിക്കാൻ ഇറങ്ങിത്തിരിച്ച മിഷൻ ലീഗ് പ്രസ്ഥാനം, അതിന്റെ വിശ്വാസ പ്രയാണത്തിൽ പുതിയൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. വരുംദിനങ്ങളിലെ നമ്മുടെ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും അജപാലനപരമായ ദാർശനികതയും പകരാൻ **'എക്ലേസിയാ വിവാ' (Ecclesia Viva)** എന്ന മേഖല മാർഗ്ഗരേഖ പ്രകാശനം ചെയ്യപ്പെടുന്നതിൽ അത്യധികം സന്തോഷമുണ്ട്.

**'ജീവസ്സുറ്റ സഭ'** എന്നതാണ് **'എക്ലേസിയാ വിവാ'** എന്ന ചിന്തയുടെ അന്തസ്സത്ത. സഭ എന്നത് കേവലം കല്ലും സിമന്റും കൊണ്ട് പണിതുയർത്തിയ ഒരു കെട്ടിടമല്ല; മറിച്ച്, ക്രിസ്തുവിനെ നെഞ്ചിലേറ്റുന്ന ഓരോ കുരുന്നുകളുടെയും യുവാക്കളുടെയും ഹൃദയമിടിപ്പുകളാണ്. ഈ മാർഗ്ഗരേഖ കേവലം നിയമങ്ങളുടെ ഒരു പുസ്തകമല്ല, മറിച്ച് നമ്മുടെ കുട്ടികളിൽ മിഷണറി ആവേശത്തിന്റെ അഗ്നി പടർത്താനുള്ള ഒരു **ആത്മീയ രൂപരേഖ (Spiritual Blueprint)** ആണ്.

ഡിജിറ്റൽ യുഗത്തിന്റെ ഈ വേഗതയിൽ, വചനത്തിന്റെ നന്മയിലൂടെ നമ്മുടെ കുഞ്ഞുങ്ങളെ ക്രിസ്തുവിന്റെ സജീവ സാക്ഷികളാക്കി മാറ്റാൻ ഈ മാർഗ്ഗരേഖ നമ്മെ സഹായിക്കട്ടെ. മേഖലയിലെ എല്ലാ ഭാരവാഹികൾക്കും, കുഞ്ഞുമിഷനറിമാർക്കും എന്റെ ഹൃദയം നിറഞ്ഞ മംഗളങ്ങൾ നേരുന്നു. ചെറുപുഷ്പത്തിന്റെ പുണ്യങ്ങൾ നമ്മുടെ വഴികളിൽ സുഗന്ധം പരത്തട്ടെ.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
മേഖലാ ഡയറക്ടർ
ചെറുപുഷ്പ മിഷൻ ലീഗ്, ദ്വാരക മേഖല

# സന്ദേശം



പ്രയ മിഷനറിമാരെ,

വിശുദ്ധ കൊച്ചുത്രേസ്യയുടെ ജീവിതവും ആത്മീയതയും മാതൃകയാക്കി, പ്രാർത്ഥനയിലൂടെയും ത്യാഗത്തിലൂടെയും സ്നേഹസേവനത്തിലൂടെയും സുവിശേഷ സാക്ഷികളായി വളരാൻ അംഗങ്ങളെ പ്രാപ്തരാക്കുകയാണ് ചെറുപുഷ്പ മിഷൻ ലീഗ്. " സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം" എന്ന ആദർശത്തോടെ പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ,

ദ്വാരക മേഖല തയ്യാറാക്കായിരിക്കുന്ന **"എക്ലേസിയ വിവ"** എന്ന മാർഗ്ഗരേഖ വെറും പ്രവർത്തനങ്ങളുടെ പട്ടികയല്ല; അത് ലക്ഷ്യത്തിലേക്കുള്ള വഴികാട്ടിയും ആത്മീയ വളർച്ചയിലേക്കുള്ള ദിശാസൂചികയുമാണ്. വിശ്വാസത്തിൽ ആഴപ്പെടാനും, പ്രാർത്ഥന യിൽ ശക്തിപ്പെടാനും, സഭയോടും സമൂഹത്തോടും പ്രതിബദ്ധതയോടെ സേവനം ചെയ്യാനും ഈ ഗ്രന്ഥം ഓരോ അംഗത്തെയും പ്രചോദിപ്പിക്കട്ടെ... ക്രിസ്തുവിന്റെ സ്നേഹം പ്രവൃത്തി കളിലൂടെ പകർന്നുനൽകാനും, മിഷൻ ചൈതന്യം ജീവിതത്തിന്റെ ഭാഗമാ ക്കാനും ഏവർക്കും സാധിക്കട്ടെ .

പുതിയ വർഷത്തിൽ എല്ലാ വിധ നന്മകളും ആശംസകളും.......

**സി. ആഗ്നസ് പുളിമൂട്ടിൽ SABS**
മേഖല ജോ. ഡയറക്ടർ
ചെറുപുഷ്പ മിഷൻ ലീഗ്, ദ്വാരക മേഖല

# സന്ദേശം



ക്രിസ്തുവിന്റെ സ്നേഹത്തിലും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതൃകയിലും അടിയുറച്ച്, മിഷൻ ചൈതന്യത്തോടെ മുന്നേറുന്ന ചെറുപുഷ്പ മിഷൻ ലീഗ് ദ്വാരക മേഖലയുടെ പുതിയ പ്രവർത്തന മാർഗരേഖ നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്.

"Oh my God, I desire to love you and make you loved..." എന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ വലിയ ആഗ്രഹം നമ്മുടെ ഓരോരുത്തരുടെയും ജീവിതലക്ഷ്യമായി മാറണം. വലിയ കാര്യങ്ങൾ ചെയ്യാനായില്ലെങ്കിലും, ചെയ്യുന്ന ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യുക എന്ന 'ചെറിയ വഴി' പ്രാവർത്തികമാക്കാൻ ഈ മാർഗരേഖ നമ്മെ സഹായിക്കും.

നമ്മുടെ മേഖലയിലെ കുട്ടികളിലും യുവാക്കളിലും മിഷൻ ആഭിമുഖ്യം വളർത്താനും, സഭയോടും സമൂഹത്തോടുമുള്ള കടപ്പാടുകൾ വിശ്വസ്തതയോടെ നിർവഹിക്കാനും ലക്ഷ്യമിട്ടാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥന, പരിത്യാഗം, സ്നേഹസേവനം, ആത്മാർത്ഥത എന്നിവയിലൂടെ നമുക്ക് ചുറ്റുമുള്ളവരിലേക്ക് ക്രിസ്തുവിന്റെ പ്രകാശം എത്തിക്കാൻ നമുക്ക് സാധിക്കണം.

ഈ മാർഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ വെറും വാക്കുകളിൽ ഒതുങ്ങാതെ, നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ എല്ലാ യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും ഒത്തൊരുമയോടെ പരിശ്രമിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാധ്യസ്ഥം നമുക്ക് തുണയായിരിക്കട്ടെ.

ഈ കാൽവെപ്പ് വലിയ ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ സ്നേഹത്തോടെ,

**ജിജോ മംഗലം**
പ്രസിഡന്റ്
ചെറുപുഷ്പ മിഷൻ ലീഗ്, ദ്വാരക മേഖല

## ■ ജൂൺ 2026

| | | |
|---|---|---|
| 01 തിങ്കൾ | : | പ്രവർത്തന വർഷ ആരംഭം,<br>ശാഖ എക്സിക്യൂട്ടീവ് |
| 07 ഞായർ | : | ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം,<br>മാനേജിംഗ് കമ്മിറ്റി |
| 12 വെള്ളി | : | തിരുഹൃദയ തിരുന്നാൾ |
| 13 ശനി | : | രൂപത കൗൺസിൽ,<br>പ്രവർത്തനവർഷ ഉദ്ഘാടനം<br>മാർഗ്ഗരേഖ പ്രകാശനം,<br>രൂപത മാനേജിംഗ് കമ്മിറ്റി |
| 29 തിങ്കൾ | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ<br>മേഖല എക്സിക്യൂട്ടീവ് |

ശാഖകളിൽ 7 പേരുടെ ഗ്രൂപ്പ് തിരിച്ചു ലീഡറെ തിരഞ്ഞെടുക്കുന്നു. മാനേജിങ് കമ്മിറ്റി ലീഡർമാർക്ക് മാനുവൽ ബുക്ക് നൽകുന്നു.

## ■ ജൂലൈ 2026

| | | |
|---|---|---|
| 03 വെള്ളി | : | വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ,<br>അസാധാരണ സമ്മേളനം<br>വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണം<br>അംഗത്വ സ്വീകരണം |
| 05 ഞായർ | : | മേഖല പ്രവർത്തന വർഷ ഉദ്ഘാടനം<br>മേഖല കൗൺസിൽ മാർഗ്ഗരേഖ പ്രകാശനം,<br>മേഖല എക്സിക്യൂട്ടീവ് |
| 12 ഞായർ | : | വി.കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം<br>ടെക്ലേസിയ രജിസ്ട്രേഷൻ അവസാനദിനം |
| 18 ശനി | : | ഓർഗനൈസിംഗ് മീറ്റിംഗ് ( മേഖലയിൽ ) |
| 19 ഞായർ | : | മേഖല സാഹിത്യ മത്സരം |
| 28 ബുധൻ | : | വി. അൽഫോൺസാമ്മയുടെ തിരുനാൾ<br>ജോ.ഡയറക്ടേഴ്സ് ദിനം,<br>അസാധാരണ സമ്മേളനം<br>വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം<br>ദുക്റാന തിരുനാൾ,<br>ക്വിസ്സ് മത്സരം (ഓൺലൈൻ),<br>വി.അൽഫോൺസമ്മ Status Video തയ്യാറാക്കൽ |

## ആഗസ്റ്റ് 2026

| | | |
|---|---|---|
| 01 ശനി | : | ശാഖ എക്സിക്യൂട്ടീവ് |
| 02 ഞായർ | : | മേഖല എക്സിക്യൂട്ടീവ്, ശാഖ മാനേജിംഗ് കമ്മിറ്റി |
| 04 ചൊവ്വ | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| | | ഇടവക വൈദികദിനം വൈദികരെ ആദരിക്കൽ |
| 06 വ്യാഴം | : | കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ |
| | | സംസ്ഥാന തലത്തിൽ ജീവകാരുണ്യ ദിനം |
| | | രൂപതാ - മേഖല - തലങ്ങളിൽ പൊതിച്ചോറ് വിതരണം. |
| | : | ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് P C അബ്രഹാം പല്ലാട്ട്കുന്നേൽ (കുഞ്ഞേട്ടൻ) 17-ാം ചരമവാർഷിക ദിനം |
| | | അസാധാരണ സമ്മേളനം |
| | | വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണം |
| | | അൽമായ നേതൃദിനം (അൽമായ നേതൃത്വങ്ങളെ ആദരിക്കുന്നു.) |
| 13 വ്യാഴം | : | വി ജോൺ ബർക്കുമാൻസിന്റെ തിരുനാൾ |
| | | അൾത്താര ബാലിക ബാലന്മാരുടെ ദിനം |
| 15 ശനി | : | പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ |
| | | സ്വാതന്ത്ര്യദിനം |
| 24 തിങ്കൾ | : | രൂപത സാഹിത്യ മത്സരം |
| 26 ബുധൻ | : | തിരുവോണം |
| 28 വെള്ളി | : | ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം |
| 29 ശനി | : | വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ |

വൈദീകർക്കൊരു സ്നേഹ സന്ദേശം, മേഖലതല അൾത്താര ബാല സംഗമം, സ്വർഗാരോപണം തിരുനാൾ, സ്വാതന്ത്ര്യ ദിനാഘോഷം, അമ്മയ്ക്കരികെ - ജപമാല പ്രദക്ഷിണം, ശാഖ-കലാ മത്സരങ്ങൾ നടത്തപ്പെടുന്നു.

## സെപ്റ്റംബർ 2026

| | | |
|---|---|---|
| 01 ചൊവ്വ | : | എട്ടു നോമ്പ് ആരംഭം |
| 06 ഞായർ | : | വിശുദ്ധ മദർ തെരേസയുടെ തിരുനാൾ, |
| | | അദ്ധ്യാപക ദിനം |
| | | ശാഖ എക്സിക്യൂട്ടീവ്, |
| | | മേഖല എക്സിക്യൂട്ടീവ് |
| 08 ചൊവ്വ | : | മാതാവിന്റെ ജനന തിരുനാൾ, |
| | | അസാധാരണ സമ്മേളനം |
| | | വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണം |

| | | |
|---|---|---|
| 09 ബുധൻ | : | ഡയറക്ടേഴ്സ് ദിനം, |
| | | ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം |
| 12 ശനി | : | എയ്ഞ്ചൽസ് മീറ്റ് |
| 14 തിങ്കൾ | : | വി കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ |
| 21 തിങ്കൾ | : | മേഖല കലാമത്സരം |
| 27 ഞായർ | : | മിഷൻ മാസാരംഭം - ഉദ്ഘാടനം |
| 29 ചൊവ്വ | : | മുഖ്യദൂതന്മാരുടെ തിരുനാൾ |

ശാഖാ മേഖല തലത്തിൽ ഡയറക്ടർമാരെ ആദരിക്കുന്നു, ശാഖാ കലാമത്സരം, ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖല സംഗമം

## ■ ഒക്ടോബർ 2026

| | | |
|---|---|---|
| 01 വ്യാഴം | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, |
| | | അസാധാരണ സമ്മേളനം |
| | | വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം<br>അംഗത്വ നവീകരണം |
| 03 ശനി | : | CML 80-ാം സ്ഥാപകദിനം, സംഘടനാ ദിനം, |
| | | ശാഖ എക്സിക്യൂട്ടീവ് |
| 04 ഞായർ | : | വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ. |
| | | മേഖല എക്സിക്യൂട്ടിവ്, |
| | | ശാഖ മനേജിംഗ് കമ്മറ്റി |
| 11 ഞായർ | : | മിഷൻ വാരാചരണം - ഉദ്ഘാടനം |
| 15 വ്യാഴം | : | കലാ മത്സരം ലിസ്റ്റ് രൂപതയിൽ നൽകേണ്ട അവസാനദിനം |
| 16 വെള്ളി | : | വാ. തേവർമ്പിൽ കുഞ്ഞച്ചൻ അനുസ്മരണം |
| 17 ശനി | : | മിഷൻ ഞായറിനോട് അനുബന്ധിച്ചുള്ള ഭവന സന്ദർശനം<br>(ശാഖയിൽ ) |
| 18 ഞായർ | : | മിഷൻ ഞായർ, |
| | | അസാധാരണ സമ്മേളനം, |
| | | പൊതു ദിവ്യകാരുണ്യ സ്വീകരണം, |
| | | മിഷൻ റാലി |
| 20 ചൊവ്വ | : | ദിവ്യകാരുണ്യത്തണലിൽ ഒരു മണിക്കൂർ ആരാധന<br>(മേഖലയിൽ) |
| 21 ബുധൻ | : | രൂപതാ കലാമത്സരം |
| 31 ശനി | : | മിഷൻ മാസ സമാപനം |

മിഷൻ മാസ ഉദ്ഘാടനം, സമാപനം എന്നിവ മേഖല തലത്തിൽ മിഷൻ മാസ ക്വിസ് മത്സരം, മിഷൻ സ്റ്റാർ-മിഷൻ മാസത്തിലെ മേഖലാതലത്തിലെ ഏറ്റവും മികച്ച ശാഖ, മിഷൻ ലീഗ് മുൻ

ഭാരവാഹികളുടെ സംഗമം (ശാഖ-മേഖല തലം), ശാഖകളിൽ മിഷൻ മാസം ഏറ്റവും നന്നായി നടത്തുക, കലാമത്സര പരിശീലനം

## ■ നവംബർ 2026

| | | |
|---|---|---|
| 01 ഞായർ | : | സകല വിശുദ്ധരുടെയും തിരുനാൾ<br>ശാഖ എക്സിക്യൂട്ടീവ് |
| 02 തിങ്കൾ | : | സകല മരിച്ചവരുടെയും തിരുനാൾ |
| 04 ചൊവ്വ | : | വി. ചാൾസ് ബൊറോമിയോ തിരുനാൾ,<br>മതാധ്യാപക ദിനം |
| 08 ഞായർ | : | മേഖല എക്സിക്യൂട്ടീവ്,<br>ശാഖ മാനേജിംഗ് കമ്മറ്റി |
| 14 ശനി | : | സംസ്ഥാന കലാ മത്സരം |
| 22 ഞായർ | : | വി. സിസിലി പുണ്യവതിയുടെ തിരുനാൾ<br>മിശിഹായുടെ രാജത്വ തിരുനാൾ |
| 29 ഞായർ | : | മിഷൻ മാസ റിപ്പോർട്ട് നൽകേണ്ട അവസാനദിനം<br>മേഖല അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി<br>ശാഖ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗ് |

ശാഖകളിൽ ദേവാലയ ഗായക സംഘത്തെ വിപുലീകരിച്ച് സജീവമാക്കുന്നു,ശുദ്ധീകരണാത്മാക്കൾക്കായി പ്രാർത്ഥിക്കുന്നു. (മരണമടഞ്ഞ CML പ്രവർത്തകരെ അനുസ്മരിക്കുന്നു.)

## ■ ഡിസംബർ 2026

| | | |
|---|---|---|
| 01 ചൊവ്വ | : | 25 നോമ്പ് ആരംഭം |
| 03 വ്യാഴം | : | വിശുദ്ധ ഫ്രാൻസിസ് സേവ്യർ തിരുനാൾ,<br>അസാധാരണ സമ്മേളനം<br>വിശേഷാൽ പൊതു ദിവ്യകാരുണ്യ സ്വീകരണം |
| 05 ശനി | : | ശാഖ എക്സിക്യൂട്ടീവ് |
| 06 ഞായർ | : | മേഖല എക്സിക്യൂട്ടീവ്,<br>ശാഖ മാനേജിംഗ് കമ്മിറ്റി |
| 08 ചൊവ്വ | : | പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ |
| 20 ഞായർ | : | ബൈബിൾ ഞായർ ബൈബിൾ പ്രതിഷ്ഠ,<br>ബൈബിൾ റാലി, അസാധാരണ സമ്മേളനം,<br>പൊതു ദിവ്യകാരുണ്യ സ്വീകരണം |
| 25 വെള്ളി | : | ക്രിസ്തുമസ് |
| 27 ഞായർ | : | തിരുകുടുംബത്തിന്റെ തിരുനാൾ |

28 തിങ്കൾ : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

മേഖല മുൻഭാരവാഹികളുടെ സംഗമം

25 ദിവസം ക്രിസ്തുമസ് സന്ദേശം, മേഖല കരോൾഗാന മത്സരം. പുൽക്കൂട് നിർമ്മാണ മത്സരം

## ■ ജനുവരി 2027

01 വെള്ളി : പുതുവർഷാരംഭം

02 ശനി : ശാഖ എക്സിക്യൂട്ടീവ്

03 ഞായർ : വി ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ

മേഖല എക്സിക്യൂട്ടീവ്,

ശാഖ മാനേജിംഗ് കമ്മിറ്റി

06 ബുധൻ : ദനഹാ തിരുനാൾ

സീറോ മലബാർ പ്രേഷിതവാരം ആരംഭം

12 ചൊവ്വ : സീറോ മലബാർ പ്രേഷിതവാരം സമാപനം

14 വ്യാഴം : വി.ദേവസഹായം പിള്ളയുടെ തിരുനാൾ

ജനുവരി 09 : പ്രവാസി ദിനം പ്രവാസികൾക്കായി പ്രത്യേക പ്രാർത്ഥന

## ■ ഫെബ്രുവരി 2027

01 തിങ്കൾ : തിരുബാലസഖ്യ മത്സരങ്ങളുടെ ലിസ്റ്റ് രൂപതയിൽ നൽകേണ്ട അവസാന തീയതി

06 ശനി : ശാഖ എക്സിക്യൂട്ടീവ്

07 ഞായർ : മേഖല എക്സിക്യൂട്ടീവ്,

ശാഖ മാനേജിംഗ് കിറ്റി

09 ചൊവ്വ : തിരുബാലസഖ്യ ദിനം

13 ശനി : രൂപത തിരുബാലസഖ്യ മത്സരം,

25 വ്യാഴം : വി. റാണി മരിയയുടെ തിരുനാൾ

28 ഞായർ : മേഖല വാർഷികം

പരീക്ഷ ഒരുക്ക പ്രാർത്ഥന, ആരാധന മേഖല തല അഗതിമന്ദിര സന്ദർശനം

## ■ മാർച്ച് 2027

6 ശനി : ശാഖാ എക്സിക്യൂട്ടീവ്

7 ഞായർ : ശാഖ മാനേജിംഗ് കമ്മിറ്റി,

മേഖലാ എക്സിക്യൂട്ടീവ്

10 ബുധൻ : പരീക്ഷ ഒരുക്ക ആരാധന

19 വെള്ളി : വി. യൗസേപ്പിതാവിന്റെ തിരുനാൾ

25 വ്യാഴം : മംഗലവാർത്ത തിരുനാൾ, പെസഹാ വ്യാഴം

27 ശനി : ഈസ്റ്റർ കിറ്റ് വിതരണം

8 ഞായർ : ഈസ്റ്റർ

നോമ്പിന്റെ സന്ദേശം കൈ മാറുന്നു., അവധിക്കാല പരിപാടികൾ പ്ലാൻ ചെയ്യുന്നു.

## ഏപ്രിൽ 2027

3 ശനി : ശാഖാ എക്സിക്യൂട്ടീവ്

4 ഞായർ : ശാഖാ മാനേജിംഗ് കമ്മിറ്റി,
മേഖലാ എക്സിക്യൂട്ടീവ്

10 ശനി : രൂപതാ വാർഷികം

25 ഞായർ : ദൈവവിളി ദിനം

അസാധാരണ സമ്മേളനം, വിശേഷാൽ പൊതുദിവ കാരുണ്യ സ്വീകരണം ക്യാമ്പുകൾ - ദൈവവിളി പ്രോത്സാഹനം

## മെയ് 2027

1 ശനി : രൂപതാ ദിനം, അസാധാരണമ്മേളനം,
ശാഖ എക്സിക്യൂട്ടീവ്,
തൊഴിലാളി ദിനം,
വി.യൗസേപ്പിതാവിന്റെ തിരുനാൾ


2 ഞായർ : ശാഖാ മാനേജിംഗ് കമ്മിറ്റി,
മേഖല എക്സിക്യൂട്ടീവ്

14 വെള്ളി : കുടുംബ ദിനം
സെമിനാർ,
കരിയർഗൈഡൻസ് ക്ലാസ്സുകൾ




### മിഷൻലീഗ് മദ്ധ്യസ്ഥരുടെ തിരുനാളുകൾ

| | |
|---|---|
| വി. തോമാശ്ലീഹ | ജൂലൈ 03 |
| വി. അൽഫോൻസാമ്മ | ജൂലൈ 28 |
| വി. കൊച്ചുത്രേസ്യ | ഒക്ടോബർ 01 |
| വി. ഫ്രാൻസിസ് സേവ്യർ | ഡിസംബർ 03 |

## ഓർത്തിരിക്കാം - അസാധാരണ സമ്മേളന ദിനങ്ങൾ

| | |
|---|---|
| ജൂലൈ 03 | വി. തോമാ ശ്ലീഹായുടെ തിരുനാൾ, |
| ജൂലൈ 28 | വി. അൽഫോൻസാമ്മയുടെ തിരുനാൾ |
| ആഗസ്ത് 11 | കുഞ്ഞേട്ടൻ അനുസ്മരണം |
| സെപ്തംബർ 09 | ഫാ. മാലിപ്പറമ്പിൽ അനുസ്മരണം |
| ഒക്ടോബർ 01 | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ |
| ഒക്ടോബർ 18 | മിഷൻ ഞായർ ആചരണം |
| ഡിസംബർ 03 | വി. ഫ്രാൻസീസ് സേവ്യർ |
| ഡിസംബർ 20 | ബൈബിൾ ഞായർ |
| ഏപ്രിൽ 18 | ദൈവവിളി ദിനം |

ഈ ദിവസങ്ങളിൽ സി.എം.എൽ ബാഡ്ജ് ധരിച്ച് കുമ്പസാരിച്ച് ഒരുങ്ങി വിശുദ്ധി യോടെ വിശുദ്ധ ബലിയിൽ പങ്കെടുത്ത് വിശുദ്ധ കുർബാന സ്വീകരിക്കാം.

## കയ്യെഴുത്ത് മാസിക മത്സരം

വിഷയം : **"സഭയെ സ്നേഹിക്കാം... ലോകത്തിൽ സാക്ഷികളാകാം"**

മാസികയിൽ ഉൾപെടുത്തുന്ന ചിത്രങ്ങൾ ഉൾപ്പെടയുള്ള എല്ലാ രചനകളും മിഷൻ ലീഗ് അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം

- ലേഖനം, ചെറുകഥ, കവിത, കാർട്ടൂൺ, ഫലിത ബിന്ദുക്കൾ, മഹത് വചനങ്ങൾ, കടം കഥകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ? നുറുങ്ങുകൾ, ഹാസ്യ രചന തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- ചിത്രങ്ങൾ, പെൻസിൽ ഡ്രോയിംഗ്, കളർ ഡ്രോയിംഗുകൾ, എന്നിവ ഉൾപ്പെടു ത്തണം.
- രചന വൈവിധ്യം സന്ദേശം, നിലവാരം, മാസികയുടെ കലാമേന്മ, എഡിറ്റിംഗ്, ചമയം, ആമുഖം, ഉചിതമായ പേര്, മുഖചിത്രം. തുടങ്ങിയവ വാല്യൂ പോയിന്റ്സ് ആയിരിക്കും.
- A4 size-ൽ ആണ് കയ്യെഴുത്ത് മാസിക തയ്യാറാക്കേണ്ടത്. 100 പേജിൽ കൂടാൻ പാടില്ല.
- കയ്യെഴുത്ത് മാസിക ഡിസംബർ 15 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കണം. പഠന വിഷയം അടിസ്ഥാനമാക്കിയ രചനകൾക്കാണ് മുൻഗണന നൽകേണ്ടത്. (മുൻകാല പ്രവർത്തകരുടെ അഭിമുഖം, അനുഭവ കുറിപ്പുകൾ etc.)

## സംഘടനാ ശാക്തീകരണ പ്രവർത്തനങ്ങൾ

1. ഏഴ് പേരടങ്ങുന്ന ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുക.
2. മീഡിയാ ടീം എല്ലാ തലങ്ങളിലും രൂപീകരിച്ച് പ്രവർത്തിക്കുക.

   കുട്ടികളുടെ ചെറിയ വീഡിയോ തയ്യാറാക്കി നൽകി പ്രചരിപ്പിക്കുക.

3. ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് ക്യാമ്പ് ശാഖ, മേഖല, രൂപതാ തലത്തിൽ ക്യാമ്പ് സംഘടിപ്പിക്കുക.
4. സംഘടനാ ക്വിസ് നടത്തുക
5. എന്റെ മിഷൻലീഗ് പുസ്തകം എല്ലാവരിലും എത്തിക്കുകയും പഠനപരിപാടികൾ സംഘ ടിപ്പിക്കുകയും ചെയ്യുക.
6. സൗഹൃദം, രൂപത, മേഖല, ശാഖ സംഘടപ്പിക്കുക.
7. പ്രസംഗ പരിശീലനം, അഭിനയം, സംഗീതം തുടങ്ങി കലാവാസനകളെ പരിപോഷിപ്പിക്കുന്ന വിധം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
8. സെമിനാർ ക്യാമ്പ് നടത്തുവാൻ പരിശ്രമിക്കുക.
9. ലീഡർഷിപ്പ് ട്രെയ്നിംഗ് പ്രോഗ്രാം നടത്തുക.

## മിഷൻ വാരാചരണം

1. മിഷൻ കേന്ദ്രങ്ങളിലേക്ക് സഹായങ്ങൾ എത്തിക്കുന്നു
2. ശാഖ മേഖല രൂപത നേതൃത്വത്തിൽ മിഷൻ കേന്ദ്രങ്ങളിലെ നിർധന കുടുംബങ്ങളെ ദത്തെടുക്കുന്നു
3. മിഷൻ പ്രദേശങ്ങളിലെ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നു
4. മിഷൻ കേന്ദ്രങ്ങളിൽ നിന്നുള്ള വൈദിക സന്യസ്ത വിദ്യാർത്ഥികളെ സഹായിക്കുന്നു.
5. മിഷൻ കേന്ദ്രങ്ങളിൽ പുതുവസ്ത്രങ്ങൾ വിതരണം ചെയ്യുന്നു.
6. മിഷൻ കേന്ദ്രങ്ങളിലെ ദേവാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
7. മിഷൻ കേന്ദ്രങ്ങളിൽ കുർബാനയ്ക്ക് ആവശ്യമായ തിരുക്കർമ്മ സാധനങ്ങൾ മേടിച്ചു നൽകുന്നു
8. 11/10/26-ന് മിഷൻ വാരാചരണ തുടക്കമായി നമ്മുടെ എല്ലാ ഭവനങ്ങളിലും പതാക ഉയർത്തുന്നു.
9. CML പതാക വാരാചരണ ദിവസങ്ങളിൽ സ്റ്റാറ്റസ് ആയി ഇടുന്നു
10. ദൈവവിളി പ്രോത്സാഹനമായ വീഡിയോ ചിത്രങ്ങൾ എന്നിവ ഷെയർ ചെയ്യുന്നു
11. അനാഥാലയങ്ങൾ സന്ദർശിക്കുന്നു, സഹായങ്ങൾ ചെയ്യുന്നു
12. മിഷനിൽ സേവനം ചെയ്യുന്ന വൈദികരെയും സന്യസ്തരെയും അല്മായരെയും ശാഖകളിൽ ആദരിക്കുന്നു
13. മിഷൻ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതിനായി ഒരംഗം ഒരു ജപമാല എന്ന രീതിയിൽ ജപമാല കളക്ഷൻ നടത്തുന്നു മിഷൻ കേന്ദ്രങ്ങളിൽ വിതരണം നടത്തുന്നു.
14. മിഷൻ പ്രദേശത്തിന് വേണ്ടി ആരാധനകൾ നടത്തുന്നു പ്രാർത്ഥിക്കുന്നു.
15. മിഷൻ വാരാചരണത്തിൽ അഖണ്ഡ ജപമാലയ്ക്ക് നേതൃത്വം നൽകുന്നു
16. രോഗി സന്ദർശനം ഭവന സന്ദർശനം ആശുപത്രി സന്ദർശനങ്ങൾ തുടങ്ങിയവ നടത്തുന്നു
17. വിവിധ തലങ്ങളിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# മിഷൻ ആന്തം

ഭാരതമേ നിൻ രക്ഷ നിൻ മക്കളിൽ, ആർഷ
പൂവനമേ നിൻ ശാന്തി നിൻ കൈകളിൽ
സോദരരേ കൈകോർത്തു മുന്നേറുവിൻ
സത്യകാഹളം മുഴക്കി മുന്നേറുവിൻ.

ചെമ്മഞ്ഞക്കൊടി പിടിക്കും കൈകൾ
ക്രിസ്തുവിനായ് പണിയെടുക്കും കൈകൾ
വയലുകളേ വിളഞ്ഞ വയലുകളേ
വിളവെടുക്കുവാൻ ഞങ്ങളണിനിരക്കുന്നു.

സ്നേഹവും ത്യാഗവും നുകർന്നു ഞങ്ങൾ
സേവനത്തിൽ ദൂതരായ് വരുന്നിതാ
കരകളും തിരകളും കടന്നു ഞങ്ങൾ
സുവിശേഷ ദൂതരായ് വരുന്നിതാ

മിഷൻ ലീഗിന്റെ എല്ലാ ഔദ്യോഗിക പരിപാടികളിലും
മിഷൻ ആന്തം ആലപിക്കേണ്ടതാണ്.

# നന്ദി

പ്രിയമുള്ള മിഷണറിമാരെ,

ക്രിസ്തുപരിപാലനത്തിന്റെ തണലിൽ 2025-26 വർഷത്തെ പ്രവർത്തനങ്ങൾ നാം വളരെ ഭംഗിയായി പൂർത്തീകരിച്ചു.

"ഭാരത രക്ഷ, ഭാരത മക്കളിൽ" എന്നാ ലെയോ 13-ാം മാർപാപ്പയുടെ വാക്കുകളെ ആപ്തവാക്യമായി സ്വീകരിച്ചുകൊണ്ട് ക്രിസ്തുവിനുവേണ്ടി ക്രിസ്തുവിന്റെ കുരിശുവഹിക്കുവാൻ വിളിക്കപ്പെട്ട മിഷണറിമാരായ നാം സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, സേവനത്തിന്റെ, സമാധാനത്തിന്റെ പാതയിലൂടെ ക്രിസ്തുസാക്ഷ്യം ഈ ലോകത്തു പകർന്നുകൊടുത്തുകൊണ്ട് മുന്നേറുമ്പോൾ ഒട്ടനവധി വെല്ലുവിളികൾ ഇന്ന് നമ്മുടെ മുന്നിലേക്ക് വന്നുകൊണ്ടിരിക്കു കയാണ്.

ശാസ്ത്രസാങ്കേതിക വിദ്യകളുടെ അത്യുന്നതശൃംഗത്തിൽ നിൽക്കുമ്പോൾ വിശ്വാസം കൈമോശം വന്നുകൊണ്ടിരിക്കുന്നു. കുഞ്ഞുമക്കളിലേക്ക് വിശ്വാസത്തിന്റെ തീക്ഷണത നെരിപ്പോടുപോലെ കത്തിജ്വലിക്കുവാൻ

"നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്ന് പറഞ്ഞ വിശുദ്ധ തോമാശ്ലീഹായെ പോലെ സാക്ഷ്യപെടുത്തുന്ന വിശ്വാസത്തിന്റെ സാക്ഷികളാക്കുവാൻ നമ്മുക്കും മത്സരിക്കാം.

ആ വിശ്വാസത്തിന്റെ മത്സരത്തിലൂടെ നമ്മുടെ ക്രൈസ്തവജീവിതം പൂവണിയട്ടെ. നല്ല ഒരു പ്രവർത്തനവർഷത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ എല്ലാം ഭംഗിയായി നടക്കുകയാണ്. ശാഖകളിൽ മിഷൻലീഗിന്റെ പോരാട്ടം എത്രത്തോളം ശക്തമാകുന്നുവോ അത് മേഖലയിലൂടെ രൂപതയിലേക്കും സമൂഹത്തിലേക്കും വ്യാപിക്കപ്പെടുമെന്ന പൂർണവിശ്വാസം നമുക്കുണ്ട്.

2026-27 വർഷത്തെ പ്രവർത്തനങ്ങൾ നല്ല ഒരു മാർഗരേഖയാക്കി എല്ലാ ശാഖകളിലും അതിന്റെ പ്രവർത്തന പന്ഥാവിലേക്ക് ഇറങ്ങുവാൻ എല്ലാവർക്കും ദൈവം അനുഗ്രഹങ്ങൾ വാരിക്കോരിച്ചൊരിയട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

പ്രേഷിതാഭിവാദ്യങ്ങളോടെ, നന്ദിയോടെ

**അൽഫോൻസാ തടത്തിൽ**
സെക്രട്ടറി, CML ദ്വാരക



# ചെറുപുഷ്പ മിഷൻലീഗിന്റെ ബാഡ്ജും സൂചകങ്ങളും

ഷീൽഡ് (പരിച) വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രതീകമാണ് പച്ചനിറം. വിശ്വാസവും പ്രത്യാശയുമാകുന്ന ഷീൽഡ് ജീവിതയോധനത്തിൽ നമുക്ക് സഹായകമാണ്.

കുരിശ് : ക്രിസ്തുനാഥന് സാക്ഷ്യം വഹിച്ച രക്തസാക്ഷികളെ അനുസ്മരിപ്പിക്കുന്നു

മെഡൽ: സംഘടനയുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയോട് സ്നേഹാദരങ്ങളും ഭക്തിയും ഉണ്ടായിരിക്കുക. വിശുദ്ധരുടെ പ്രേഷിത ചൈതന്യം സായത്തമാക്കാൻ പരിശ്രമിക്കുക.



8cm നീളവും 4cm വീതിയുമുള്ള ചുവന്ന റിബണിന്റെ താഴത്തെ അറ്റത്ത് മഞ്ഞനിറത്തിൽ 4 cm നീളമുള്ള തൊങ്ങലുകൾ (അലുക്കുകൾ)

# ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ എംബ്ലവും സൂചകങ്ങളും

എംബ്ലം: ആഗോള പശ്ചാത്തലത്തിൽ വിടർത്തി വെച്ച വിശുദ്ധ ഗ്രന്ഥം, വിശുദ്ധ കുരിശ്, ദീപം, ഗോതമ്പ് കതിർമണികൾ.

വിശുദ്ധ ഗ്രന്ഥം: പാദങ്ങൾക്ക് ദീപവും മാർഗ്ഗത്തിന് പ്രകാശവുമായ വിശുദ്ധ ഗ്രന്ഥ പഠനത്തിലൂടെ പ്രേഷിതൻ യഥാർത്ഥ ക്രിസ്തു ശിഷ്യനാകണം.




കുരിശ്: രക്ഷയുടെ പ്രതീകമായ കുരിശിലൂടെ ലോകജനത ക്രൂശിതനായ ഈശോയിൽ അഭയം പ്രാപിക്കണം.

ദീപം: ലോകത്തിന്റെ പ്രകാശമായ മിശിഹായിലേക്ക് എല്ലാവരെയും ആനയിക്കുവാൻ ചെറുപുഷ്പ മിഷൻലീഗിനുള്ള ഉത്തരവാദിത്വം സൂചിപ്പിക്കുന്നു.

ഗോതമ്പുമണികൾ: 'വിളവ് അധികം വേലക്കാരോ ചുരുക്കം' (വി. ലൂക്കാ 10:2) എന്ന തിരുവചനം ഉൾക്കൊണ്ട് സഭയിൽ ദൈവവിളി പ്രോത്സാഹനം ത്വരിതപ്പെടുത്തണമെന്ന് സൂചിപ്പിക്കുന്നു.

# ELDORADO PRIVATE ITI
## DWARAKA
### (LITTLE FLOWER ITI)

**കേന്ദ്ര സർക്കാർ അംഗീകാരമുള്ള (NCVT)**

- ഡ്രാഫ്റ്റ്സ് മാൻ (സിവിൽ)
- ഇലക്ട്രീഷ്യൻ
- ഫിറ്റർ
- മെക്കാനിക് (മോട്ടോർ വെഹിക്കിൾ)

**എന്നീ ദ്വിവത്സര കോഴ്സുകളിലേക്ക്**

# അഡ്മിഷൻ തുടരുന്നു






**BOOK YOUR SEAT**

**FOR MORE INFORMATION**

**9605 342 437, 9447 005 515**